കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് - 100 കിടക്കകളിലധികമുള്ള 4 ഇ.എസ്.ഐ. ആശുപത്രികളിൽ ഇ.സി.ജി ടെക്നീഷ്യൻ തസ്തിക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (എഫ്) വകുപ്പ്

ജി.ഒ.(എം.എസ്)നം.3/2012/തൊഴിൽ. തിരുവനന്തപുരം, തീയതി: 7/1/2012.

---

പരാമർശം:- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 27/2/2009, 9/9/2010 തീയതികളിലെ ബി2-1679/2008/ഡിഐഎംഎസ് നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ നിർദ്ദിഷ്ട യോഗ്യതയുള്ള ഇ.സി.ജി. ടെക്നീഷ്യന്മാരുടെ അഭാവംമൂലം രോഗികൾക്ക് യഥാസമയത്തും, യഥാവിധിയനുസരിച്ചും ഇ.സി.ജി. സൗകര്യം ലഭ്യമാക്കുന്നതിന് തടസ്സമുണ്ടാകാറുണ്ടെന്ന് ഡയറക്ടർ അറിയിച്ചിരുന്നു. നിലവിൽ ആശുപത്രി സൂപ്രണ്ടുമാർ അവരുടെ വിവേചനാധികാരം ഉപയോഗിച്ച് സ്റ്റാഫ് നഴ്സ്, റേഡിയോഗ്രാഫർ, പ്രസ്തുത ജോലിയിൽ പരിചയമുള്ള മറ്റ് ജീവനക്കാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് ഇ.സി.ജി. എടുത്തുവരുന്നത്. ഇപ്രകാരം തന്നിൽ നിക്ഷിപ്തമല്ലാത്ത ജോലി ചെയ്യേണ്ടി വരുമ്പോൾ പരിചയകുറവുമൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾക്കും പരാതികൾക്കും ഇട നൽകുകയും ഉണഭോക്താക്കൾ ഇ.സി.ജി. എടുക്കുന്നതിന് മറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരികയും ചെയ്യുന്നുണ്ട്. ഇ.എസ്.ഐ. ആശുപത്രികളുടെ കാര്യക്ഷമവും സുഗമവുമായ പ്രവർത്തനത്തിന് നിർദ്ദിഷ്ട യോഗ്യതയുള്ള ഇ.സി.ജി. ടെക്നീഷ്യന്മാരുടെ സേവനം അനിവാര്യമാണ്. ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക നിലവിലുണ്ട്. ആകയാൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിലുള്ള 9 ഇ.എസ്.ഐ. ആശുപത്രികളിൽ ഇ.സി.ജി. ടെക്നീഷ്യന്റെ ഓരോ തസ്തിക വീതം അനുവദിക്കുന്നതിന് പരാമർശം പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ ശുപാർശ നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ ഇ.എസ്.ഐ. കോർപ്പറേഷനും സംസ്ഥാന സർക്കാരും 7:1 അനുപാതത്തിലാണ് വഹിക്കുന്നത്. അതിൻ പ്രകാരം ഇ.സി.ജി. ടെക്നീഷ്യൻ തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബാധ്യത വളരെ കുറവാണ്. മാത്രമല്ല ഇ.സി.ജി. ടെക്നീഷ്യൻ തസ്തികകൾ ആശുപത്രികളുടെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതവുമാണ്.

......2/-

ഈ സാഹചര്യത്തിൽ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ കീഴിലുള്ള 100 കിടക്കകളിലധികമുള്ള പേരൂർക്കട, ഒളരിക്കര, മുളങ്കുന്നത്തുകാവ്, ഫെറോക്ക് എന്നീ 4 ഇ.എസ്.ഐ. ആശുപത്രികളിൽ 9940-16580 രൂപാ ശമ്പള സ്കെയിലിൽ ഓരോ ഇ.സി.ജി ടെക്നീഷ്യൻ തസ്തിക വീതം സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

അനിൽ.എക്സ്,
സെക്രട്ടറി.

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ.സി., പഞ്ച്ദീപ് ഭവൻ,
നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ.
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്/ ഡിബി സെൽ) തിരുവനന്തപുരം.
ധനകാര്യ വകുപ്പിന്. (18/11/2011 ലെ 52648/എച്ച് &എൽ-ബി1/11/ധന. പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പിന്. (4/1/2012 ലെ ഇനം നം.979 പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ